**അയർലൻഡ് മലയാളി അസോസിയേഷന്റെ സഹായം: അനന്തകൃഷ്ണന് വീട് പണിത് നൽകി കുടുംബശ്രീ ചേച്ചിമാർ**

കോവിഡ് കാലത്ത് ആലപ്പുഴ കുടുംബശ്രീയിലെ ചേച്ചിമാർ അനന്തകൃഷ്ണന് കെട്ടിയുയർത്തിയത് കയറിക്കിടക്കാൻ സുരക്ഷിതമായൊരു വീട്. ജില്ലയിലെ നഗരസഭയുടെ കീഴിലുള്ള മംഗലം വാർഡിൽ വർഷങ്ങളായി പൊട്ടിപ്പൊളിഞ്ഞ ഷെഡ്ഡിൽ കഴിയുകയായിരുന്ന ഭിന്നശേഷിക്കാരനായ അനന്തകൃഷ്ണനും കുടുംബത്തിനുമാണ് കുടുംബശ്രീയുടെ കീഴിലുള്ള വനിതാ കെട്ടിട നിർമാണ യൂണിറ്റായ സിറ്റി കൺസ്ട്രക്ഷൻ മുഖേന ഭവനമൊരുക്കിയത്. അജിത, സിന്ധു, നൈനെറ്റ്, സുനിത എന്നിവരായിരുന്നു യൂണിറ്റ് അംഗങ്ങൾ. കോവിഡ് കാലമായതിനാൽ ഇതുമായി ബന്ധപ്പെട്ട എല്ലാ വിധ പ്രോട്ടോക്കോളും പാലിച്ചു കൊണ്ട് 40 ദിവസം കൊണ്ടാണ് വനിതകൾ വീട് നിർമിച്ചത്. പുതിയ ഭവനത്തിന്റെ നിർമാണം പൂർത്തീകരിച്ചതോടെ വർഷങ്ങളായി അനന്തകൃഷ്ണനും കുടുംബവും അനുഭവിച്ചു വന്നിരുന്ന ദുരിതങ്ങൾക്കാണ് അറുതിയായത്.

രണ്ട് ബെഡ്റൂം, കിച്ചൺ, ഹാൾ, ടോയ്ലെറ്റ് എന്നിവ ഉൾപ്പെടുന്നതാണ് വീട്. എല്ലാ മുറികളിലും ടൈൽസ് പാകിയതാണ്. കൂടാതെ കുടുംബത്തിനായി വാട്ടർ ടാങ്കും നൽകിയിട്ടുണ്ട്.

കഴിഞ്ഞ പ്രളയകാലത്തും ഭിന്നശേഷിക്കാരനായ അനന്തകൃഷ്ണനും കുടുംബവും ഒരുപാട് യാതനകൾ സഹിച്ചിരുന്നു.അച്ഛൻ ഷാജി ചുമട്ടുതൊഴിലാളിയാണ്. അമ്മ ഗീതയ്ക്ക് പ്രത്യകിച്ചു ജോലിയൊന്നുമില്ല. അർജുൻ, പാർവതി എന്നീ രണ്ടു സഹോദരങ്ങൾ കൂടിയുണ്ട് അനന്തകൃഷ്ണന്. ഫ്ളക്സ് ബോർഡു കൊണ്ടും പ്ലാസ്റ്റിക് കൊണ്ടും മറച്ച കൂരയിൽ മാതാപിതാക്കളും കുട്ടികളും ഉൾപ്പെടെ അഞ്ചു പേരുടെ ദുരിത ജീവിതം കേട്ടറിഞ്ഞ ആലപ്പുഴ മുൻ സബ് കളക്ടർ

വി.ആർ.കൃഷ്ണതേജയാണ് അനന്തകൃഷ്ണനും കുടുംബത്തിനും സ്വന്തമായൊരു വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ നടപടിയെടുത്തത്. അയർലൻഡ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ലൂക്കൻ മലയാളി അസോസിയേഷൻ പ്രതിനിധികൾ സഹായവുമായി സബ്കളക്ടറെ ബന്ധപ്പെട്ടതോടെ ഇവർക്ക് സ്വന്തമായി ഒരു വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള വഴി തുറന്നു. ആറ് ലക്ഷം രൂപയാണ് അവർ ഭവന നിർമ്മാണത്തിനായി നൽകിയത്. തുടർന്ന് സബ്കളക്ടർ കുടുംബശ്രീ ജില്ലാമിഷൻ അധികൃതരുമായി സംസാരിച്ച് വീടു നിർമിക്കാനുള്ള ചുമതല കുടുംബശ്രീയുടെ കീഴിലുള്ള നാലുപേരടങ്ങുന്ന സിറ്റി കൺസ്ട്രക്ഷൻ ടീമിനെ ഏൽപ്പിക്കുകായിരുന്നു. ആലപ്പുഴ ജില്ലയിൽ പ്രളയത്തിൽ വീട് തകർന്ന 121 കുടുംബങ്ങൾക്ക് രാമോജി ഫിലിം സിറ്റി നൽകിയ ആറു കോടി രൂപ കൊണ്ട് ഭവനം നിർമിച്ചു കൊടുത്തതും കുടുംബശ്രീ വനിതാ കെട്ടിട നിർമാണ യൂണിറ്റുകളായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് അയർലൻഡ് മലയാളി അസോസിയേഷൻ നൽകിയ ആറ് ലക്ഷം രൂപ കൊണ്ട് ഭിന്നശേഷിക്കാരനായ അനന്തകൃഷ്ണനും കുടുംബത്തിനുമുള്ള ഭവന നിർമ്മാണവും കുടുംബശ്രീ വനിതകൾ ഏറ്റെടുത്തു ചെയ്തത്. മഴയും പ്രളയവും ഇഴജന്തുക്കളുടെ ഉപദ്രവവും കൊണ്ടുള്ള ദുരിതങ്ങളില്ലാതെ ഇനിയുള്ള നാളുകൾ സുരക്ഷിതമായി കഴിയാമെന്ന ആശ്വാസത്തിലാണ് അനന്തകൃഷ്ണന്റെ കുടുംബം.